വിൽക്കുകയാണോ എന്നെല്ലാം അന്വേഷിക്കാൻ വിജിലൻസു കമ്മിറ്റികൾ ഉണ്ടു്. ഒരുപക്ഷേ, രാഷ്ട്രീയകക്ഷികളുടെ ചില പ്രവർത്തനംകൊണ്ടു വല്ല സ്ഥലത്തും വിജിലൻസു കമ്മിറ്റികൾ ഈവക കാര്യങ്ങൾ ശ്രദ്ധിക്കാത്തതുകൊണ്ടായിരിക്കും അങ്ങനെ സംഭവിക്കുന്നതു്.

ശ്രീമതി കുസുമം ജോസഫ്: പ്രവർത്തിക്കുന്ന ഷാപ്പുകൾ അയ്യായിരത്തിൽ താഴെയുണ്ടെന്നു പറഞ്ഞു. തൊടുപുഴയിലെ ഷാപ്പുകൾ പ്രവർത്തിക്കാത്തതിന്റെ കാരണമെന്തു്?

ശ്രീ. കെ. സി. ജോർജ്ജ്: അന്വേഷിച്ചു പറയാൻ സാധിക്കും.

ശ്രീ. ടി. എ. തോമ്മൻ: അതുകൊണ്ടു നൂറു ന്യായവിലഷാപ്പുകൾ പ്രവർത്തിക്കാതെയുണ്ടു്?

ശ്രീ. കെ. സി. ജോർജ്ജ്: പ്രവർത്തിക്കാത്തതിന്റെ കണക്കെടുത്തിട്ടില്ല; പ്രവർത്തിക്കുന്നതിന്റെ കണക്കാണു് എടുത്തിട്ടുള്ളതു്?

ശ്രീ. ടി. എ. തോമ്മൻ: ന്യായവിലഷാപ്പുകൾ ഗവണ്മെന്റു് അനുവദിക്കുന്നതിയല്ലേ നടത്തുന്നതു്?

ശ്രീ. കെ. സി. ജോർജ്ജ്: അതെ.

ശ്രീ. ടി. എ. തോമ്മൻ: എത്ര ന്യായവിലഷാപ്പുകൾ സ്റ്റോറന്റിൽ അനുവദിച്ചിട്ടുണ്ടു്?

ശ്രീ. കെ. സി. ജോർജ്ജ്: അതിന്റെ കണക്കു പറഞ്ഞിട്ടുണ്ടു്.

ശ്രീമതി കുസുമം ജോസഫ്: തൊടുപുഴ താലൂക്കിലെ ഷാപ്പുകൾ പ്രവർത്തിക്കാത്തതു അരി കൊടുക്കാത്തതുകൊണ്ടല്ലേ?

ശ്രീ. കെ. സി. ജോർജ്ജ്: അരി എല്ലാവർക്കും കൊടുക്കുന്നുണ്ടു്.

പിരിച്ചുവിടപ്പെട്ട സ്പ്രേയിംഗ് സൂപ്പർവൈസറന്മാർ.

* 1578. [8] ശ്രീ. എം. എം. മത്തായി: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തെങ്ങുരോഗത്തിനു് മരുന്നു തളിക്കുന്നതിനുള്ള സ്പ്രേയിംഗ് സൂപ്പർവൈസറന്മാരെ കൂട്ടത്തോടെ പിരിച്ചുവിട്ടു്, പകരം ആളുകളെ എടുത്തിട്ടുണ്ടോ;

(ബി) എത്രപേരെ പിരിച്ചുവിട്ടു;

(സി) പിരിച്ചുവിടപ്പെട്ടവരിൽനിന്നും 250 രൂപ വീതം സെക്യൂരിറ്റി വാങ്ങിയിട്ടുണ്ടോ;

(ഡി) ഇവരെ എന്തു കാരണത്താലാണു് പിരിച്ചുവിട്ടതു്;

(ഇ) പിരിച്ചുവിട്ടവരെക്കാൾ എന്തെങ്കിലും യോഗ്യത കൂടുതൽ ഉള്ളവരെയാണോ പി. എസ്. സി. മുഖാന്തിരം എടുത്തിട്ടുള്ളതു്?

നിയമവകുപ്പുമന്ത്രി (ശ്രീ. വി. ആർ. കൃഷ്ണയ്യർ):

(എ) ഉണ്ടു്.

(ബി) 40.

(സി) ഉണ്ടു്.

(ഡി) ഇവരെ എംപ്ലോയ്മെന്റു് എക്സ്ചേഞ്ചിൽനിന്നും താൽക്കാലികമായി നിയമിച്ചിട്ടുള്ളതാണു്. നിലവിലുള്ള ചട്ടം അനുസരിച്ചു് പി. എസ്. സി. ആളുകളെ റിക്രൂട്ടുചെയ്യുമ്പോൾ ഇവർ പിരിഞ്ഞുപോകണം.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) താരതമ്യനയുള്ള യോഗ്യതകൾ പരിശോധിച്ചിട്ടില്ല.

ശ്രീ. എം. എം. മത്തായി: പരിച്ചുവിട്ടിട്ട് എത്രകാലമായി ?

ശ്രീ. വി. ആർ. കൃഷ്ണയ്യർ: 1958-ലാണെന്നാണ് മനസ്സിലാക്കുന്നത് ?.

ശ്രീ. എം. എം. മത്തായി: 250 രൂപ വീതം സെക്യൂരിറ്റി വച്ചിട്ടുള്ള ഇവരെ തിരിച്ചെടുക്കാൻ ആലോചിക്കുന്നുണ്ടോ ?

ശ്രീ. വി. ആർ. കൃഷ്ണയ്യർ: അതിനെപ്പറ്റി ചോദ്യത്തിൽ ഇല്ലാത്തതു കൊണ്ട് ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. എം. എം. മത്തായി: വേണ്ടത്ര പരിശീലനം ഈ കാര്യത്തിൽ നേടിയിട്ടുള്ള ഇവർക്ക് പുതിയ നിയമനത്തിൽ മുൻഗണന നൽകുമോ ?

ശ്രീ. വി ആർ. കൃഷ്ണയ്യർ: ഗവണ്മെൻറല്ല അതു ചെയ്യേണ്ടത്. താൽക്കാലികമായി നടത്തിയ ഈ നിയമനങ്ങളും, പി. എസ്. സി. യുടെ റിക്രൂട്ടുമെൻറിൽപ്പെട്ട് ആളുകൾ വരുമ്പോൾ നിലനിൽക്കുകയില്ല.

ശ്രീ. കെ. ഹസ്സൻഗനി: അവർക്ക് മുൻഗണന നൽകാൻ ഗവണ്മെൻറ് റെക്കമെൻറ് ചെയ്യുമോ ?

ശ്രീ. വി. ആർ. കൃഷ്ണയ്യർ: അതു് അവശ്യമില്ലാത്ത ഒരു കാര്യമാണ്. പല തവണയും ഇങ്ങനെ താൽക്കാലികമായിട്ട് എംപ്ലോയ്മെൻറ് എക്സ് ചേഞ്ചിൽനിന്നും ആളുകളെ നിയമിച്ചിരിക്കും. അവരെ റിക്രൂട്ടുചെയ്യുക എന്നു പറഞ്ഞാൽ പി. എസ്. സി. യുടെ ആവശ്യമില്ലാതെ വരും.

സ്റ്റോറ് ട്രാൻസ്പോർട്ട് ഷട്ടിൽ സർവ്വീസ്.

* 1579. [9] ശ്രീ. ഇ പി. ഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവും തൊഴിലും വകുപ്പു മന്ത്രി ദയവായി മറുപടി നൽകുമോ:

(എ) മലബാർ ജില്ലയിൽ ഏതെങ്കിലും റൂട്ടിൽ സ്റ്റോറ് ട്രാൻസ്പോർട്ട് ഷട്ടിൽ സർവ്വീസ് ഏർപ്പെടുത്തിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതു റൂട്ടുകളിൽ ;

(സി) കൂടുതൽ റൂട്ടുകളിൽ ഷട്ടിൽ സർവ്വീസ് ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ഗതാഗതവും തൊഴിലും വകുപ്പു മന്ത്രി (ശ്രീ. ടി. വി. തോമസ്):

(എ) ഉണ്ട്.

(ബി) (1) പെരുന്തൽമണ്ണ-ഗുരുവായൂർ (കാറിപ്പുറം വഴി)
(2) കണ്ണൂർ-തളിപ്പറമ്പ്.
(3) തൃശ്ശൂർ-ഗുരുവായൂർ (പാവക്കാട്ട വഴി)

(സി) ഈ കാര്യം ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. ഇ. പി. ഗോപാലൻ: കൂടുതൽ ഷട്ടിൽ സർവ്വീസുകൾ ഏർപ്പെടുത്തണമെങ്കിൽ വർക്കുഷോപ്പിൻറെ സൗകര്യം ആവശ്യമല്ലേ ?.

ശ്രീ. ടി. വി. തോമസ്: അതും ഒരു കാര്യമാണ്.

ശ്രീ. ഇ. പി. ഗോപാലൻ: പെരുന്തൽമണ്ണയിൽ ഒരു വർക്കുഷോപ്പ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നതായി പറയുന്നതു ശരിയാണോ ?

ശ്രീ. ടി. വി. തോമസ്: അതിനെപ്പറ്റി തീർച്ച പറയുവാൻ കഴിയുകയില്ല.

LIBRARY ARCHIVES Kerala Legislative Assembly